**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1065** **11-02-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നിയോജക മണ്ഡലത്തിൽ ജൽജീവൻ മിഷനു വേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പ്രാദേശിക റോഡുകളുൾപ്പെടെയുള്ള റോഡുകൾ കുഴിച്ചതിന്റെ ഫലമായി പ്രസ്തുത റോഡുകളെല്ലാം സഞ്ചാരയോഗ്യമല്ലാതായിതീർന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആലപ്പുഴ നിയോജക മണ്ഡലത്തിനു കീഴിലുള്ള മണ്ണഞ്ചേരി പഞ്ചായത്തിൽ ആകെ 25 കിലോമീറ്റർ നീളത്തിലാണ് പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുള്ളത്. പൈപ്പ് ലൈൻ സ്ഥാപിച്ച റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനായി 669.8 മീറ്റർ നീളത്തിൽ GSB ഫില്ല് ചെയ്യുകയും 1225 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്യുകയും 748 മീറ്റർ നീളത്തിൽ ടാറിംഗ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 8583 മീറ്റർ റോഡുകൂടി ടാർ ചെയ്യേണ്ടതുണ്ട്.<br><br>മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പ്രവൃത്തിയിൽ 10 കിലോമീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ഇനിയും 1.25 കിലോമീറ്റർ പൈപ്പ് ലൈൻ കൂടി സ്ഥാപിക്കുവാനുണ്ട്. ജൽ ജീവൻ മിഷൻ പ്രവൃത്തിയിലെ കണക്ഷൻ നൽകുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനോടൊപ്പം പുനരുദ്ധാരണം ആവശ്യമായ പഞ്ചായത്ത് റോഡുകൾ ടാർ ചെയ്ത് പൂർവ്വ സ്ഥിതിയിലാക്കുന്നതാണ്.<br><br>ആര്യാട് പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 438 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. റോഡുകൾ പുനർ നിർമ്മിക്കുന്നതിന് മുന്നോടിയായി പൈപ്പുകൾ സ്ഥാപിക്കണമെന്നുള്ള ആര്യാട് പഞ്ചായത്ത് അധികാരികളുടെ കത്ത് പ്രകാരം ആണ് പ്രസ്തുത പഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ ടി. റോഡിൽ restoration ആവശ്യമില്ല. |
| (ബി) | പ്രസ്തുത റോഡുകളെല്ലാം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ; | (ബി) | ജൽജീവൻ മിഷനിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പ്രാദേശിക റോഡുകൾ മുറിച്ച ഭാഗങ്ങൾ പൂർവസ്ഥിതിയിൽ ആക്കുന്നതിന് ആവശ്യമായ തുക ഈ പ്രവൃത്തിയിൽ തന്നെ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | പ്രവൃത്തി പൂർത്തീകരിക്കുന്നതോടൊപ്പം റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതാണ്. |
| (സി) | പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണം എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ജല അതോറിറ്റി പൈപ്പ് സ്ഥാപിക്കുന്നതിനായി കുഴിച്ച കുഴികൾ പൈപ്പ് സ്ഥാപിച്ചതിനു ശേഷം പൂർവ്വ സ്ഥിതിയിൽ ആക്കാറുണ്ട്. നിലവിൽ ഫണ്ട് ലഭ്യതയിലെ കുറവ് പദ്ധതിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ